LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ ഹിസ്റ്ററി സീനിയർ അദ്ധ്യാപകരുടെ 485-ഉം ജൂനിയർ അദ്ധ്യാപകരുടെ 95-ഉം തസ്തികകളാണ് നിലവിലുള്ളത്.

(ബി) 48 പേർക്ക് ഹിസ്റ്ററി സീനിയർ അദ്ധ്യാപകരായി ബൈടാൻസ്റ്റർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ട്. നിശ്ചിത ശതമാനത്തിൽ കൂടുതൽ ബൈടാൻസ്റ്റർ പ്രൊമോഷൻ നൽകിയിട്ടില്ല.

(സി) 14 പേർ. തസ്തികമാറ്റ നിയമനത്തിനുവേണ്ടി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ളതിനാൽ ടി ലിസ്റ്റിൽനിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തേണ്ടതില്ല.

(ഡി) ഹിസ്റ്ററി സീനിയർ തസ്തികയിൽ 102 പേർക്കും ജൂനിയർ തസ്തികയിൽ 82 പേർക്കും നിയമനം നൽകിയിട്ടുണ്ട്. നിലവിൽ സീനിയർ തസ്തികയിൽ 40-ഉം ജൂനിയർ തസ്തികയിൽ 32-ഉം ഒഴിവുകൾ ഉണ്ട്.

പുതിയ സർക്കാർ കോളേജുകൾ

4 (1045) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി സർക്കാർ കോളേജുകൾ അനുവദിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കാമോ; ഇതിൽ പ്രവർത്തനമാരംഭിച്ച കോളേജുകൾ എത്രയെന്നും ഏതൊക്കെ തീയതിയിലെന്നും വ്യക്തമാക്കാമോ;

(ബി) വൈപ്പിനിലെ നിർദ്ദിഷ്ട ആർട്സ് കോളേജ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിന് വേണ്ടി വിശദമായ റിപ്പോർട്ട് നൽകുന്നതിന്, എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ചുമതലപ്പെടുത്തിയത്; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ, റിപ്പോർട്ട് നൽകുന്നതിൽ കാലതാമസം നേരിട്ടതിനുള്ള കാരണം, കാലതാമസം വരുത്തിയതിന് സ്വീകരിച്ച നടപടി ഇവ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി 29 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു.* 2013-14 ബഡ്ജറ്റ് ചർച്ചയിലെ മറുപടി പ്രസംഗത്തിൽ സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജകമണ്ഡലങ്ങളിലും ആർട്സ്&സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. പുതിയ കോളേജുകൾ അനുവദിച്ചത് സർക്കാരിന്റെ നയപരമായ കാര്യപരിപാടിയുടെ ഭാഗമായാണ്. മേൽപ്പറഞ്ഞ 22 കോളേജുകളിൽ കരുനാഗപ്പള്ളി ആർട്സ് &സയൻസ് കോളേജ്, ഗവ. കോളേജ് നിലമ്പൂർ എന്നീ രണ്ട് കോളേജുകൾ ഒഴികെ ബാക്കി 20 കോളേജുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രവർത്തനമാരംഭിക്കാനുള്ള രണ്ട് കോളേജുകൾ 2016-17 അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്നതാണ്.

2016-17 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിക്കുന്നതിനായി 9-2-2016 തീയതിയിലെ സ.ഉ.(എം.എസ്)നമ്പർ 30/16/ഉ.വി.വ. പ്രകാരം ഗവ. കോളേജ്, നിലമ്പൂർ കോളേജിന് അനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഗവ. ആർട്സ് കോളേജ് അനുവദിക്കുന്നതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

വിദേശ സർവ്വകലാശാലകളുടെ കടന്നുവരവ്

5 (1047) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് വിദേശ സർവ്വകലാശകളെ കൊണ്ടുവരുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; അതു സംബന്ധിച്ച് എന്തെങ്കിലും പഠനം ഉന്നതവിദ്യാഭ്യാസ വകുപ്പ് നടത്തിയോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികൾ, വിദ്യാഭ്യാസ വിചക്ഷണർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുമായി എന്തെങ്കിലും ചർച്ച ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയോ; വിശദമാക്കുമോ; ഇല്ല എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ആഗോള വിദ്യാഭ്യാസ സംഗമം എവിടെ വച്ച് എന്നാണ് നടന്നതെന്നും ഇത് ഉദ്ഘാടനം ചെയ്തത് ആരാണെന്നും ഇതിൽ മുഖ്യമന്ത്രിയോ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയോ പങ്കെടുത്തോയെന്നും ഇല്ല എങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.